# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:1188** 05.03.2020 ൽ മറുപടിയ്ക്ക്

**ഇറപ്പുഴ ക്നാനായ പള്ളി അധികൃതർക്ക് വസ്തു വിട്ടുനൽകാൻ നടപടി**

**ചോദ്യം**
**ശ്രീ.സജി ചെറിയാൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ചെങ്ങന്നൂർ - ഏറ്റുമാനൂർ കെ.എസ്.റ്റി.പി. റോഡിൽ ഇറപ്പുഴ പാലത്തിന് സമീപം സ്ഥാപിച്ചിരുന്ന ക്നാനായ പള്ളിയുടെ കരിശടി മാറ്റിയതിന് പകരം സ്ഥലം നൽകുന്നതിലുള്ള തീരുമാനം താമസിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | ചെങ്ങന്നൂർ - ഇറപ്പുഴ പാലത്തിന്റെ അപ്രോച്ച് റോഡിനായി, പള്ളിയുടെ കരിശ്ശടി നിന്നിരുന്ന തിരുവൻവണ്ടൂർ വില്ലേജ് ബ്ലോക്ക് 6 റീസർവ്വേ 559/15 ൽ പ്പെട്ട 0.40 ആർസ്. വസ്തു ഏറ്റെടുത്തതിന് പകരമായി കരിശ്ശടി സ്ഥാപിയ്ക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ബ്ലോക്ക് 6 റീസർവ്വെ 559/14-2 ൽ പ്പെട്ട 0.40 ആർസ് വസ്തു ഏറ്റെടുത്തിരുന്നു. ടി ഭൂമി തങ്ങൾക്ക് ആവശ്യമില്ലെന്നും പകരം റീസർവ്വെ 559/16 ൽ പ്പെട്ട 0.40 ആർസ് സ്ഥലം പതിച്ച് നൽകണമെന്നും പള്ളി അധികൃതർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19/07/2017 ലെ ഉത്തരവ് പ്രകാരം ടി ഭൂമി പതിച്ച് നൽകുന്നതിന് ഉത്തരവായിരുന്നു. കരിശ്ശടി നിർമ്മാണത്തിന് അഞ്ച് ലക്ഷം രൂപ പള്ളി അധികൃതർ കൈപ്പറ്റിയിട്ടുള്ളതിനാലും കരിശ്ശടി നിന്നിരുന്ന സ്ഥലം പുറമ്പോക്കാണെന്നതിനാലും മാർക്കറ്റ് വില ഈടാക്കി ഭൂമി പതിച്ച് നൽകുന്നതിന് ഉത്തരവായിരുന്നു. |

| | | |
|---|---|---|
| | | കരിശ്ശടി നിന്നിരുന്നത് പള്ളിയുടെ സ്വന്തം സ്ഥലത്താണെന്ന് പള്ളി ഭാരവാഹികൾ അറിയിച്ചതിനെ തുടർന്നുള്ള അന്വേഷണത്തിലും റവന്യൂ രേഖകൾ പരിശോധിച്ചതിലും പാലത്തിനായി ഏറ്റെടുത്ത വസ്തു പള്ളിയുടേതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മുൻപ് പകരമായി ഏറ്റെടുത്ത സ്ഥലത്തിന് അവാർഡ് പാസാക്കി തുക നൽകിയിട്ടുള്ളതാണ്. പക്ഷെ ടി വസ്തു ഇപ്പോഴും ടി വ്യക്തിയുടെ പേരിൽ തന്നെ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതാണ്. അവാർഡ് തുക കൈപ്പറ്റിയ ടി വസ്തുവിന്റെ റവന്യൂ റിക്കാർഡുകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വരുന്നു. |
| (ബി) | അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 16-05-2018-ലെ റവ.എ(4)57/18 നമ്പർ കത്തിൽ ഉപാധി വച്ചിട്ടുള്ളത് എന്തിനാണെന്ന് വ്യക്തമാക്കാമോ; | പള്ളി പണിയുന്നതിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുള്ളതിനാലും കരിശ്ശടി നിന്നിരുന്ന സ്ഥലം പുറമ്പോക്കാണെന്ന് ലഭ്യമാക്കിയിരുന്ന മുൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്. |
| (സി) | 19-07-2017-ലെ സ.ഉ(കൈ)234/2017/റവ. ഉത്തരവിലെ 4,5 ഖണ്ഡികകൾ പ്രകാരം ഉളളടക്കത്തിൽ സൂചിപ്പിക്കുന്ന ഉപാധികളില്ലാതെ വസ്തു വിട്ടുനൽകുന്നു എന്ന് പറഞ്ഞിട്ടും ക്നാനായ പള്ളിക്ക് വസ്തു നൽകാത്തതെന്താണെന്ന് വിശദമാക്കുമോ; | 19/07/2017-ലെ സ.ഉ(കൈ) 234/2017/റവ ഉത്തരവിൽ ഭൂമി ക്നാനായ പള്ളിയ്ക്ക് ഉപാധികളില്ലാതെ വിട്ടു നൽകുന്നതായി പരമാർശമില്ല. |
| (ഡി) | പള്ളി അധികൃതർക്ക് വസ്തു വിട്ടുനൽകുന്നതിന് നടപടി എത്രയും വേഗം സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ